<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6619</u> <u>11-11-2021 - ൽ മറുപടിയ്ക്ക്</u>

<u>പാർട്ട് ടൈം ഡിപ്ലോമ കോഴ്സ് പഠിക്കാൻ അവസരം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരത്ത് വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ഈവനിംഗ് ബാച്ചിൽ പാർട്ട് ടൈം സിവിൽ ഡിപ്ലോമ കോഴ്സുകൾ പഠിക്കാൻ നിലവിൽ അവസരമില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സെൻട്രൽ പോളിടെക്നിക്ക് കോളേജിൽ 2015 വരെ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, സിവിൽ എഞ്ചിനീയറിംഗ് എന്നീ വിഭാഗങ്ങളിൽ പാർട്ട് ടൈം കോഴ്സ് നടത്തിയിരുന്നു. എന്നാൽ, 2016ൽ എ.ഐ.സി.ടി.ഇ യുടെ പരിശോധനയിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ,അദ്ധ്യാപകരുടെ എണ്ണത്തിലെ കുറവ് തുടങ്ങിയ വിവിധ കാരണങ്ങൾ ചൂണ്ടിക്കാട്ടി സ്ഥാപനത്തിൻെറ അംഗീകാരം 2016-17 അക്കാദമിക്ക് വർഷത്തിൽ നിരസിക്കുകയും , തുടർന്ന് ടി അപര്യാപ്തതകൾ പരിഹരിച്ചതിൻെറ ഭാഗമായി AICTE യുടെ പരിശോധനയ്ക്ക് ശേഷം റഗുലർ ഡിപ്ലോമ കോഴ്സുകൾ 2017-18 മുതൽ പുന:സ്ഥാപിക്കുകയും ചെയ്തു. എന്നാൽ പാർട്ട് ടൈം കോഴ്സുകൾ നടത്തുന്നതിന് നിലവിൽ എ.ഐ.സി.ടി.ഇ അംഗീകാരം ലഭിച്ചിട്ടില്ല. എ.ഐ.സി.ടി.ഇ യുടെ ഏറ്റവും പുതിയ EOA ഹാൻഡ് ബുക്ക് പ്രകാരം പാർട്ട് ടൈം കോഴ്സുകളെ വൈകുന്നേരം നടത്തുന്ന റഗുലർ കോഴ്സുകളായാണ് നിർവചിച്ചിട്ടുള്ളത്. പുതുതായി റഗുലർ കോഴ്സുകൾ ആരംഭിക്കുന്നതിന് നിലവിലുള്ള കോഴ്സുകളുടെ NBA അക്രഡിറ്റേഷൻ, പുതിയ കോഴ്സുകൾക്കാവശ്യമായ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുക,അടിസ്ഥാന സൗകര്യ നിർമ്മാണം ഇവ നിർബന്ധമാണ്. ഈ സാഹചര്യത്തിൽ ഭൗതീക സാഹചര്യങ്ങളും മറ്റ് നിബന്ധനകളും പൂർത്തിയാക്കി എ.ഐ.സി.ടി.ഇ യിൽ നിന്നു പ്രത്യകാനുമതി ലഭിച്ചാൽ മാത്രമേ പാർട്ട് ടൈം കോഴ്സുകൾ വീണ്ടും ആരംഭിക്കാൻ കഴിയുകയുള്ളൂ. |
| (ബി) | തിരുവനന്തപുരം വട്ടിയൂർക്കാവ് പോളിടെക്നിക്കിൽ ഈവനിംഗ് ബാച്ചിൽ പാർട്ട് ടൈം സിവിൽ | (ബി) | ഉണ്ട്. സെൻട്രൽ പോളിടെക്നിക്ക് കോളേജിൽ 2015 വരെ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്, മെക്കാനിക്കൽ |

| | | | |
|---|---|---|---|
| | ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, സിവിൽ എഞ്ചിനീയറിംഗ് എന്നീ വിഭാഗങ്ങളിൽ പാർട്ട് ടൈം കോഴ്സ് നടത്തിയിരുന്നു. എന്നാൽ, 2016ൽ എ.എെ.സി.ടി.ഇ യുടെ പരിശോധനയിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ,അദ്ധ്യാപകരുടെ എണ്ണത്തിലെ കുറവ് തുടങ്ങിയ വിവിധ കാരണങ്ങൾ ചൂണ്ടിക്കാട്ടി സ്ഥാപനത്തിൻെറ അംഗീകാരം 2016-17 അക്കാദമിക്ക് വർഷത്തിൽ നിരസിക്കുകയും , തുടർന്ന് ടി അപര്യാപ്തതകൾ പരിഹരിച്ചതിൻെറ ഭാഗമായി AICTE യുടെ പരിശോധനയ്ക്ക് ശേഷം റഗുലർ ഡിപ്ലോമ കോഴ്സുകൾ 2017-18 മുതൽ പുന:സ്ഥാപിക്കുകയും ചെയ്തു. എന്നാൽ പാർട്ട് ടൈം കോഴ്സുകൾ നടത്തുന്നതിന് നിലവിൽ എ.എെ.സി.ടി.ഇ അംഗീകാരം ലഭിച്ചിട്ടില്ല. എ.എെ.സി.ടി.ഇ യുടെ ഏറ്റവും പുതിയ EOA ഹാൻഡ് ബുക്ക് പ്രകാരം പാർട്ട് ടൈം കോഴ്സുകളെ വൈകുന്നേരം നടത്തുന്ന റഗുലർ കോഴ്സുകളായാണ് നിർവചിച്ചിട്ടുള്ളത്. പുതുതായി റഗുലർ കോഴ്സുകൾ ആരംഭിക്കുന്നതിന് നിലവിലുള്ള കോഴ്സുകളുടെ NBA അക്രഡിറ്റേഷൻ, പുതിയ കോഴ്സുകൾക്കാവശ്യമായ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുക,അടിസ്ഥാന സൗകര്യ നിർമ്മാണം ഇവ നിർബന്ധമാണ്. ഈ സാഹചര്യത്തിൽ ഭൗതീക സാഹചര്യങ്ങളും മറ്റ് നിബന്ധനകളും പൂർത്തിയാക്കി എ.എെ.സി.ടി.ഇ യിൽ നിന്നു പ്രത്യകാനുമതി ലഭിച്ചാൽ മാത്രമേ പാർട്ട് ടൈം കോഴ്സുകൾ വീണ്ടും ആരംഭിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ